നം. സി.ഇ.ഇ/2062/2008/സി.എ.പി.-09/റ്റി.എ.1

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

**വിജ്ഞാപനം**

# 2009 ലെ MBBS/BDS കോഴ്സുകൾക്ക് സ്വാശ്രയ കോളേജുകളിൽ നടപ്പിലാക്കുന്ന ഫീസ് ആനുകൂല്യം സംബന്ധിച്ച്

2009 ൽ പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തിയ അലോട്ട്മെന്റ് വഴി സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിൽ MBBS/BDS കോഴ്സുകൾക്ക് അഡ്മിഷൻ നേടിയ BPL/കുറഞ്ഞ കുടുംബ വാർഷിക വരുമാനമുള്ളവർ, SEBC വിദ്യാർത്ഥികൾ എന്നിവരിൽ നിന്നും ഏതാനും വിദ്യാർത്ഥികൾക്ക് സർക്കാർ ഉത്തരവ് പ്രകാരം ഫീസിളവ് ലഭിക്കുന്നതാണ്.

2009 ൽ സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിൽ അഡ്മിഷൻ നേടിയിട്ടുള്ളവരും പ്രവേശന പരീക്ഷയുടെ അപേക്ഷയോടൊപ്പം വരുമാന സർട്ടിഫിക്കറ്റ് സമർപ്പിക്കാത്തവരുമായ വിദ്യാർത്ഥികൾ, ഈ ആനുകൂല്യം ആവശ്യമുള്ളപക്ഷം **2009 ഒക്ടോബർ 15-ാം തീയതി വൈകുന്നേരം 5 മണിക്ക് മുമ്പായി** വാർഷിക കുടുംബ വരുമാന സർട്ടിഫിക്കറ്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

2009 ലെ പ്രവേശന പരീക്ഷയുടെ അപേക്ഷയോടൊപ്പം SEBC സംവരണം/മറ്റ് ആനുകൂല്യങ്ങൾക്ക് വേണ്ടി വരുമാന സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികളിൽ നിന്നും പുതുതായി വരുമാന സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല.

വരുമാന സർട്ടിഫിക്കറ്റുകളെല്ലാം റവന്യൂ അധികാരികളുടെ പരിശോധനയ്ക്ക് വിധേയമാക്കുകയും തെറ്റായ വരുമാന സർട്ടിഫിക്കറ്റ് നൽകി ഫീസാനുകൂല്യം നേടാൻ ശ്രമിക്കുന്നവർക്കെതിരെ യുക്തമായ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതുമാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
05.10.2009